**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6855** **21-03-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. വി. ഇബ്രാഹിം</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കൊണ്ടോട്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളതും പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ലേല നടപടികൾ നടന്നുവരികയുമാണ്. കൊണ്ടോട്ടി വില്ലേജ് ഓഫീസിന്റെ സ്മാർട്ട് ഓഫീസ് നവീകരണം വഴി നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.</td></tr>
<tr><td>(ബി)</td><td>ഇതിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകളായി ഇതിനകം നവീകരിച്ചുവെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;</td><td>(ബി)</td><td>പ്രസ്തുത മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് ആയി നവീകരിച്ച വില്ലേജുകളുടെയും അവയ്ക്കനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table>
<tr><td>വില്ലേജ്</td><td>പ്രവൃത്തി</td><td>അനുവദിച്ച തുക</td></tr>
<tr><td>വാഴയൂർ</td><td>സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം</td><td>44 ലക്ഷം</td></tr>
<tr><td>ചെറുകാവ്</td><td>അറ്റകുറ്റപ്പണി, അഡീഷണൽ റൂം നിർമ്മാണം</td><td>15 ലക്ഷം</td></tr>
</table></td></tr>
<tr><td>(സി)</td><td>സ്മാർട്ട് വില്ലേജുകളായി പ്രഖ്യാപിച്ച പ്രസ്തുത മണ്ഡലത്തിലെ പുതിയ വില്ലേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(സി)</td><td>സ്മാർട്ട് വില്ലേജുകളായി ഉയർത്തിയിട്ടുള്ള വില്ലേജ് ഓഫീസുകളെല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നത്.</td></tr>
<tr><td>(ഡി)</td><td>സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന പുളിക്കൽ വില്ലേജ് ഓഫീസിന് പുളിക്കൽ ഗ്രാമപഞ്ചായത്ത് പുതിയ സ്ഥലം നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?</td><td>(ഡി)</td><td>അറിയിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ